**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4999** **20-07-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് ഓഫീസിൽ ജീവനക്കാരിയോട് അപമര്യാദയായി പെരുമാറിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരത്തെ പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ വച്ച് ജീവനക്കാരൻ ജീവനക്കാരിയോട് അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് പരാതികൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്; പരാതിയിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക അന്വേഷണത്തിന് 03/08/2021 ൽ തിരുവനന്തപുരം മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും 09/08/2021 ൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. പരാതിയിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥന് അച്ചടക്ക നടപടിയുടെ ഭാഗമായി 03/02/2022 ൽ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകുകയും 04/03/2022 ൽ പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണം നടത്തുന്നതിന് ഇപ്പോഴത്തെ തിരുവനന്തപുരം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടിയാനെ നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുണ്ട്. ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി 14/02/2019 തീയതിയിൽ രൂപീകരിച്ചിരുന്നുവെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ ടി കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ 15/09/2021-ന പുന:സംഘടിപ്പിച്ചിട്ടുള്ളതായി ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ (പ്രൊഫഷണൽ ആന്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം) അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതിയിൽ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികളാണ് ജീവനക്കാരനെതിരെ സ്വീകരിച്ചിട്ടുള്ളത്; പരാതിയിന്മേൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്; പരാതിയിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക അന്വേഷണത്തിന് 03/08/2021 ൽ തിരുവനന്തപുരം മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും 09/08/2021 ൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. പരാതിയിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥന് അച്ചടക്ക നടപടിയുടെ ഭാഗമായി 03/02/2022 ൽ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകുകയും 04/03/2022 ൽ പ്രതിവാദ പത്രിക സമർപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണം നടത്തുന്നതിന് ഇപ്പോഴത്തെ തിരുവനന്തപുരം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടിയാനെ നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുണ്ട്. ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി 14/02/2019 തീയതിയിൽ രൂപീകരിച്ചിരുന്നുവെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ ടി കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ 15/09/2021-നു പുന:സംഘടിപ്പിച്ചിട്ടുള്ളതായി ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ (പ്രൊഫഷണൽ ആന്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം) അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പരാതിയിന്മേൽ അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലിൽ ജീവനക്കാരനെതിരെ വകുപ്പ് തലവൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വകുപ്പ് തലവന്റെ നിർദ്ദേശങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | കുറ്റക്കാരനായ ഉദ്യോഗസ്ഥനെ ജില്ലയ്ക്കു പുറത്തേയ്ക്ക് പൊതുജനസമ്പർക്കമില്ലാത്തതും, വിദൂരമായ വടക്കൻ ജില്ലയിലേയ്ക്ക് മാറ്റുന്നതിനും കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകുന്നതിനും വകുപ്പുതലവന്മാർ നിർദ്ദേശിച്ചിരുന്നു. |
| (ഡി) | വകുപ്പ് തലവന്റെ നിർദ്ദേശത്തിന് വിരുദ്ധമായി കുറ്റക്കാരനെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; കുറ്റക്കാരനായ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു; ശിക്ഷാ നടപടികൾക്ക് വിധേയനായ ഉദ്യോഗസ്ഥനെ ഇതര വിഭാഗങ്ങളിലേയ്ക്ക് സ്ഥലംമാറ്റി നിയോഗിക്കുന്നതിന് എന്തൊക്കെ നിയമ തടസ്സങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്ഥലംമാറ്റം സംബന്ധിച്ചുള്ള ഫയലിന്മേലുള്ള വകുപ്പ് തലവന്റെ നിർദ്ദേശമനുസരിച്ച് കുറ്റക്കാരനായ ഉദ്യോഗസ്ഥനെ നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. കൂടാതെ ടിയാന് കഠിനശിക്ഷയുള്ള കുറ്റപത്രം 03/02/2022 ൽ നൽകിയിട്ടുണ്ട്. ആയതിനു പ്രതിവാദ പത്രിക 04/03/2022 ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണം നടത്തുന്നതിന് ഇപ്പോഴത്തെ തിരുവനന്തപുരം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അച്ചടക്ക നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ ഇതര വിഭാഗങ്ങളിലേയ്ക്കു സ്ഥലംമാറ്റി നിയമിക്കുന്നതിന് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ